"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ സ്വദേശിയായിരുന്ന ഷീബാകുമാരി പേ വിഷബാധയേറ്റ് മരണപ്പെട്ടതിനെ തുടർന്ന് മാതാവ് ശ്രീമതി കുഞ്ഞിലക്ഷ്മിയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

സ.ഉ.(കൈ) നം.143/2023/RD തീയതി,തിരുവനന്തപുരം, 22-06-2023

---

പരാമർശം:- 1. ശ്രീമതി കുഞ്ഞിലക്ഷ്മിയുടെ D220305028 നം. അപേക്ഷ.

2. കോഴിക്കോട് ജില്ലാ കളക്ടറുടെ 16/01/2023, 15.02.2023-തീയതികളിലെ DCKKD/198/2023-D1 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊല്ലേരിതാഴംപാടം മധുര ബാസാർ ചെറുവണ്ണൂർ സ്വദേശിയായിരുന്ന ഷീബാകുമാരി പേ വിഷബാധയേറ്റ് 21/12/2021ൽ മരണപ്പെട്ടതിനെ തുടർന്ന് കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി മാതാവ് ശ്രീമതി കുഞ്ഞിലക്ഷ്മി D220305028 നമ്പർ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ കേസിൽ മരണകാരണം റാബീസ് എൻസഫലൈറ്റിസ് എന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർ രേഖപ്പെടുത്തിയിട്ടുണ്ട്.

ബഹു.(റിട്ട)ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി മുൻപാകെ തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർ സമർപ്പിക്കുന്ന നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെടുകയാണ് ചെയ്യുന്നതെന്നും ഷീബാകുമാരി പേവിഷബാധയേറ്റ് മരണപ്പെട്ടതിനുള്ള നഷ്ടപരിഹാരത്തിനായി ശ്രീമതി കുഞ്ഞിലക്ഷ്മിയുടെ അപേക്ഷ നഗരസഭയിൽ ലഭ്യമായിട്ടില്ല എന്നും കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുള്ളതായി കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കൊല്ലേരിതാഴംപാടം മധുര ബാസാർ ചെറുവണ്ണൂർ സ്വദേശിയായിരുന്ന ഷീബാകുമാരി പേവിഷബാധയേറ്റ് മരണപ്പെട്ടതിനെ തുടർന്ന് മാതാവ് ശ്രീമതി കുഞ്ഞിലക്ഷ്മിയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിതരണത്തിനാവശ്യമായ വരുന്ന 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P 80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക്

അനുവദിക്കുന്നതാണ്. കോഴിക്കോട് ജില്ലാ കളക്ടർ പ്രസ്തുത തുക അടിയന്തിരമായി വിതരണം നടത്തി താമസംവിനാ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1) ജില്ലാ കളക്ടർ, കോഴിക്കോട്.
2) ശ്രീമതി കുഞ്ഞിലക്ഷ്മി, കൊല്ലേരിതാഴംപാടം, മധുര ബാസാർ, ചെറുവണ്ണൂർ, കോഴിക്കോട്.
3) ധനകാര്യ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി).
4) ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
5) പൊതുഭരണ (എസ് സി) വകുപ്പ്.(21/6/2023ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം .നം.1576 പ്രകാരം)
6) മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ.
7) വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് :-

9) ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
10) ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
11) റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
12) റവന്യൂ (ഡി.ആർ.എഫ്.-ബി,സി) വകുപ്പുകൾ

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 28-06-2023 11:30:17
സെക്ഷൻ ഓഫീസർ